I/69550/2022

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺ പ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - വിളപ്പിൽ ഗ്രാമപ്പഞ്ചായത്തിൽ, വിളപ്പിൽ വില്ലേജിൽ Gun powder storage magazine & mixing shed നിർമ്മാണം കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:-
1. വിളപ്പിൽ ഗ്രാമപഞ്ചായത്തിൻറെ 06.06.2022 ലെ എ3-8650/21 നമ്പർ അപേക്ഷ
2. ശ്രീ. ശ്രീ.അജിത്ത് കുമാറിൻറെ 19.07.2022, 22.08.2022 എന്നീ തീയതികളിലെ അപേക്ഷകൾ.

**ഉത്തരവ് നമ്പർ TCPTVM/817/2022-D തീയതി19-09-2022**

വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ വിളപ്പിൽ വില്ലേജിൽ റീ-സർവ്വേ നമ്പർ 193/2-2, 193/2-1- ൽ ഉൾപ്പെടുന്ന 51.40 ആർ, 52.61 ആർ വിസ്തൃതിയുള്ള വസ്തുവിൽ 15.36 sq.m വിസ്തൃതിയിൽ Powder storage Magazine room ,29.26 sq.m വിസ്തൃതിയിൽ Powder mixing room, Toilet-4.77sq.m എന്നിവ ഉൾപ്പെടെ 49.39 sq.m വിസ്തൃതിയിൽ Group I Hazardous Occupancy-യിൽ ഉൾപ്പെടുന്ന Gun powder storage magazine & mixing shed നിർമിക്കുന്നതിനു ശ്രീ.അജിത്ത് കുമാർ സമർപ്പിച്ച അപേക്ഷ സൂചനാപ്രകാരം ലഭ്യമായിരിക്കുന്നത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2019 ചട്ടം 30 പ്രകാരം താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (കെ.പി.ബി.ആർ-2019) ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.പി. ബി.ആർ 2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയിരിക്കണം.
2. നിർമ്മാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
3. ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
5. കെ.പി.ബി.ആർ 2019 ചട്ടം 34 ൽ അനുശാസിക്കുന്ന പ്രകാരമുള്ള ശുചിത്വ സൗകര്യങ്ങൾ പ്രസ്തുത നിർമാണത്തിന് നൽകേണ്ടതാണ്.
6. നിർ മ്മാണം KPBR 2019 ചട്ടം 79 നു അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം .
7. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനുചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്. ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ

I/69550/2022

ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**40/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

RAJESH T N
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്:

സെക്രട്ടറി,
വിളപ്പിൽ ഗ്രാമപഞ്ചായത്ത്

Signed by
Rajesh T N
Date: 19-09-2022 15:47:39

പകർപ്പ്:
1) അപേക്ഷകൻ,(അറിവിലേയ്ക്കായി)
ശ്രീ.അജിത്ത് കുമാർ
അജിനി ഹൗസ്,TC 50/784
കാലടി, കരമന 695002.
2) കരുതൽ ഫയൽ
3) ഫയൽ